**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.240 28.10.2019 ൽ മറുപടിക്ക്

## ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസി വഴി സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന മരുന്നു വിതരണം തടസ്സപ്പെട്ടതുമൂലം രോഗികൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | കെ.എസ്.എസ്.പി. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഹീമോഫീലിയ പോലുള്ള ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഹീമോഫീലിയ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഭീമമായ ചികിത്സാ ചെലവ് വേണ്ടി വരുന്ന ഇത്തരം രോഗങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) & (ഡി) | കേന്ദ്ര/സംസ്ഥാന ആവിഷ്കൃത പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയപ്പോൾ ഹീമോഫീലിയ രോഗ ചികിത്സ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും 06.08.2019 ലെ G.O(Ms) 122/2019/H&FWD പ്രകാരം എല്ലാ ഹീമോഫീലിയ രോഗികൾക്ക് 31.03.2020 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഹീമോഫീലിയ രോഗികൾക്ക് സൗജന്യമായി മരുന്നു വിതരണം സാധ്യമാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | | |

Hari

സെക്ഷൻ ഓഫീസർ